കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നടപടി

173 (865) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ നിയോജകമണ്ഡലത്തിലുടനീളം ഉപയോഗ്യമാക്കിയിട്ടുള്ള നിലവിൽ കാലഹരണപ്പെട്ട ആസ്ബസ്റ്റോസ് സിമെന്റ് (AC Pipe) പൈപ്പുകൾ മിക്കപ്പോഴും പൊട്ടുന്നതുകാരണം കുടിവെള്ള വിതരണം മുടങ്ങുകയും പ്രധാന പാതകളുടെ ടാറിംഗിനും മറ്റും കേടുപാടുകൾ സംഭവിച്ച് ഗതാഗതം സ്തംഭിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഡക്ടയിൽ അയൺ (DI Pipe) പൈപ്പുകൾ ഇട്ട് ജലവിതരണം കാര്യക്ഷമമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(സി) നിലിവൽ പ്രസ്തുത പ്രവർത്തനത്തിനുള്ള കാലവിളംബം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സമയബന്ധിതമായി പ്രസ്തുത നവീകരണം പൂർത്തീകരിക്കുന്നതിന് മതിയായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പഴകിയ എ.സി. പൈപ്പ് മാറ്റി പുതിയ ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്നതിന് മൂന്ന് പ്രവൃത്തികൾക്കായി 11.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. സാങ്കേതികാനുമതി ലഭിച്ചാലുടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly